# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 24.11.2024** | പ്രധാന വാർത്തകൾ | **TIME : 07.25 AM**

1. പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് നാളെ തുടക്കമാവും. കേന്ദ്രസർക്കാർ വിളിച്ചുചേർത്ത സർവ്വകക്ഷിയോഗം ഇന്ന്.

   **The government will hold an all-party meeting today ahead of Winter Session of Parliament. The winter session will commence tomorrow.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രക്ഷേപണ പരിപാടി 'മൻ കീ ബാത്' ഇന്ന് രാവിലെ 11 മണിക്ക്.

   **Prime Minister Narendra Modi will share his thoughts with the people of the country and abroad in the 'Mann Ki Baat' programme on Akashvani at 11 AM today.**

3. മഹാരാഷ്ട്രയിൽ മഹായുതി സഖ്യവും, ഝാർഖണ്ഡിൽ I.N.D.I സഖ്യവും അധികാരത്തിലേക്ക്; സർക്കാർ രൂപീകരണ ചർച്ചകൾ സജീവം.

   **Mahayuti alliance comes to power in Maharashtra and I.N.D.I alliance in Jharkhand; government formation talks are active.**

4. ഉപതെരഞ്ഞെടുപ്പിൽ വയനാട്ടിൽ മികച്ച പ്രകടനം കാഴ്ച വച്ച് പ്രിയങ്കഗാന്ധി; ചേലക്കര നിലനിർത്തി എൽഡിഎഫ്, പാലക്കാട് കൈവിടാതെ യുഡിഎഫ്.

   **Priyanka Gandhi performs well in Wayanad in the by-election; LDF retains Chelakkara, UDF does not give up Palakkad.**

5. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇന്ന് ഇറ്റലിയിൽ എത്തും; നിർണായക വിഷയങ്ങളിൽ ആഗോള സമൂഹം ഇന്ത്യയെ ഉറ്റുനോക്കുന്നതായി വിദേശകാര്യ മന്ത്രി.

**External Affairs Minister Dr. S Jaishankar will undertake a three day official visit to Italy beginning today. External Affairs Minster S Jaishankar has said that there has been a shift in how the world perceives India.**

6. ബോർഡർ ഗവാസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന് അൽപസമയത്തിനകം ഇന്ത്യ ഇന്നിംങ്സ് പുനഃരാരംഭിക്കും; സന്തോഷ് ട്രോഫി ഫൈനൽ ഉറപ്പിക്കാൻ കേരളം ഇന്ന് പുതുച്ചേരിയെ നേരിടും.

**India's innings will resume shortly on the third day of the Border Gavaskar Trophy cricket test; Kerala will face Puducherry today to secure a place in the Santosh Trophy final.**

&&&&&&&&&&&&&&&&&&

**HEADLINE-1**

## PARLIAMENT -ALL PARTY MEETING

പാർലമെന്റിന്റെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി കേന്ദ്ര സർക്കാർ വിളിച്ചുചേർത്ത സർവകക്ഷിയോഗം ഇന്ന് ചേരും. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിന്റെ അധ്യക്ഷതയിലാണ് യോഗം. സമ്മേളനത്തിൽ ലോക്സഭയുടെയും രാജ്യസഭയുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ സർക്കാർ തേടും. കേന്ദ്രമന്ത്രി കിരൺ റിജിജുവും യോഗത്തിൽ പങ്കെടുക്കും. നാളെ ആരംഭിക്കുന്ന ശീതകാല സമ്മേളനം ഡിസംബർ 20 വരെ തുടരും. ഭരണഘടനാ ദിനം ആചരിക്കുന്നതിനാൽ നവംബർ 26 ന് പാർലമെന്റ് സമ്മേളനം ഉണ്ടാകില്ല.

..................................................................................................

**HEADLINE-2**

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഇന്ന് രാവിലെ 11ന്. പരിപാടിയുടെ 116-ാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും 'മൻ കീ ബാത്' കേൾക്കാം.

..................................................................................................

**HEADLINE-3**

## MAHA-JH ELECTION

മഹാരാഷ്ട്ര നിയമസഭാ തെരഞ്ഞെടുപ്പിൽ ആകെയുള്ള 288 സീറ്റിൽ 230 സീറ്റുകളിൽ വിജയിച്ച് ബിജെപി നേതൃത്വം നൽകുന്ന മഹായുതി സഖ്യം അധികാരം നിലനിർത്തി. മഹാരാഷ്ട്രയിൽ 132 സീറ്റുകളാണ് ബിജെപി ഒറ്റയ്ക്ക് നേടിയത്. ശിവസേന ഏക്നാഥ് ഷിണ്ടെ വിഭാഗം 57 ഉം എൻസിപി അജിത് പവാർ വിഭാഗം 41 ഉം സീറ്റുകൾ നേടി. ഝാർഖണ്ഡിൽ ആകെയുള്ള 81 ൽ 56 സീറ്റിൽ വിജയിച്ചാണ് ഐ.എൻ.ഡി.ഐ സഖ്യം അധികാരമുറപ്പിച്ചത്. ഇവിടെ JMM 34 ഉം കോൺഗ്രസ് 16 ഉം RJD 4 ഉം സീറ്റുകളും നേടി.

..................................................................................................

## PM- POLL RESULTS (INTRO)

രാജ്യത്തെ ജനങ്ങൾ വികസനത്തിനാണ് പ്രാധാന്യം നൽകുന്നത് എന്നതിന്റെ തെളിവാണ് ഉപതിരഞ്ഞെടുപ്പുകളിൽ എൻഡിഎ സഖ്യത്തിൻറെ വിജയമെന്ന് പ്രധാനമന്ത്രി

നരേന്ദ്രമോദി. ഡൽഹിയിൽ ബിജെപി ആസ്ഥാനത്തു പാർട്ടി പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

(ഹോൾഡ് വോയിസ്)

........................................................................................

**HEADLINE-3A**

## JHARKHAND-GOVT FORMATION

തെരഞ്ഞെടുപ്പ് ഫലം പുറത്തുവന്നതോടെ മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും സർക്കാർ രൂപീകരണ ചർച്ചകൾ സജീവമായി. NDA യുടെ നേതൃത്വത്തിലാണ് മഹാരാഷ്ട്രയിൽ ചർച്ചകൾ നടക്കുന്നത്. ഝാർഖണ്ഡിൽ, I.N.D.I. സഖ്യത്തിലെ നിയുക്ത MLA-മാർ ഇന്ന് റാഞ്ചിയിൽ മുഖ്യമന്ത്രി ഹേമന്ത് സോറന്റെ ഔദ്യോഗിക വസതിയിൽ യോഗം ചേരും. കക്ഷി നേതാവിനെ തിരഞ്ഞെടുക്കാനാണ് യോഗം. I.N.D.I. സഖ്യത്തിലെ ജെ.എം.എം, കോൺഗ്രസ്, ആർ.ജെ.ഡി, സി.പി.ഐ (എംഎൽ) എന്നീ പാർട്ടികളുടെ അംഗങ്ങൾ യോഗത്തിൽ പങ്കെടുക്കും. നേതൃസ്ഥാനത്തിൽ തീരുമാനമാകുന്നതോടെ ഝാർഖണ്ഡിൽ പുതിയ സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം സഖ്യം ഉന്നയിക്കും.

........................................................................................

**HEADLINE-4**

## KERALA BYPOLL GENERAL

കേരളത്തിൽ ഉപതെരഞ്ഞെടുപ്പ് നടന്ന വയനാട് ലോക്സഭാ മണ്ഡലവും പാലക്കാട് നിയമസഭാസീറ്റും നിലനിർത്തി UDF. ചേലക്കര നിയമസഭാ സീറ്റ് LDF ഉം നിലനിർത്തി. വയനാട്ടിൽ നാലു ലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് പ്രിയങ്ക ഗാന്ധി വിജയിച്ചത്. പാലക്കാട്ട് യുഡിഎഫിന്റെ രാഹുൽ

മാങ്കൂട്ടത്തിൽ 18,840 വോട്ടിനും, ചേലക്കരയിൽ എൽ.ഡി.എഫിന്റെ യു ആർ പ്രദീപ് 12,201 വോട്ടിനും വിജയിച്ചു.

................................................................................

**HEADLINE-4A**

## WAYANAD-PRIYANKA (INTRO)

കന്നിയങ്കത്തിൽ മിന്നും പ്രകടനം കാഴ്ച വച്ച് കോൺഗ്രസിൻറെ പ്രിയങ്കഗാന്ധി. തെരഞ്ഞെടുപ്പിലെ പോളിംഗ് ശതമാനം ഗണ്യമായി കുറഞ്ഞെങ്കിലും മികച്ച പ്രകടനം കാഴ്ചവച്ച പ്രിയങ്ക നാല് ലക്ഷത്തി 10,937 വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് വിജയിച്ചത്.

വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെന്റ്...

(വോയിസ്)

................................................................................

## BYELECTION-ALL

ഉപതെരഞ്ഞെടുപ്പ് നടന്ന ഉത്തർപ്രദേശിലെ 9 നിയമസഭാ മണ്ഡലങ്ങളിൽ ആറിടത്ത് ബി ജെ പി യും രണ്ടിടത്ത് സമാജ്‌വാദി പാർട്ടിയും ഒരിടത്ത് രാഷ്ട്രീയ ലോക് ദളും വിജയിച്ചു. ഏഴു മണ്ഡലങ്ങളിൽ ഉപതെരഞ്ഞെടുപ്പ് നടന്ന രാജസ്ഥാനിൽ അഞ്ചിടത്ത് ബി ജെ പിയും ഒരിടത്ത് കോൺഗ്രസും ഒരിടത്ത് ഭാരത് ആദിവാസിപാർട്ടിയും വിജയിച്ചു. പശ്ചിമ ബംഗാളിൽ ആറു മണ്ഡലങ്ങളിലും തൃണമൂൽ കോൺഗ്രസ് വിജയിച്ചു. അസമിൽ അഞ്ചിൽ രണ്ടിടത്ത് ബിജെപി ജയിച്ചപ്പോൾ അസം ഗണപരിഷദും യുണൈറ്റഡ് പീപ്പിൾസ് പാർട്ടി ലിബറലും ഓരോ സീറ്റ് നേടി. ബിഹാറിലെ 4ൽ ബിജെപി രണ്ടും ഹിന്ദുസ്ഥാനി അവാമി മോർച്ചയും ജെഡിയുവും ഓരോ സീറ്റും നേടി. പഞ്ചാബിലെ നാലു

മണ്ഡലങ്ങളിൽ മൂന്നിടത്ത് ആം ആദ്മി പാർട്ടിയും ഒരിടത്ത് കോൺഗ്രസും ജയിച്ചു. കർണാടകയിലെ മൂന്ന് മണ്ഡലങ്ങളും കോൺഗ്രസ് നേടി. ഗുജറാത്തിലും ഉത്തരാഖണ്ഡിലും ഛത്തീസ്ഗഢിലും ബിജെപി ജയിച്ചു. മധ്യപ്രദേശിൽ ഉപതെരഞ്ഞെടുപ്പ് നടന്ന രണ്ടു മണ്ഡലങ്ങളിൽ, ബി ജെ പി യും കോൺഗ്രസ്സും ഓരോ സീറ്റ് വീതം നേടി. മേഘാലയയിൽ നാഷണൽ പീപ്പിൾസ് പാർട്ടി ജയിച്ചു. സിക്കിമിലെ രണ്ടു നിയമസഭാ സീറ്റിൽ ഭരണകക്ഷിയായ സിക്കിം ക്രാന്തികാരി മോർച്ച എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു.

..........................................................................................

## PRESIDENT (INTRO)

മാനവകുലത്തെ ശാക്തീകരിക്കുകയും, സമൂഹത്തെ മെച്ചപ്പെടുത്തുകയും ചെയ്യുന്നതാണ് സാഹിത്യമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂ ഡൽഹിയിൽ സാഹിത്യ ആജ് തക്കിൽ പങ്കെടുക്കുകയായിരുന്നു രാഷ്ട്രപതി. മാറുന്ന സാമൂഹിക സാഹചര്യങ്ങൾക്ക് അനുസരിച്ച്,സമൂഹത്തിന്റെ സനാതനമായ മൂല്യങ്ങൾക്ക് രൂപം നൽകുന്നത് സാഹിത്യമാണെന്നും രാഷ്ട്രപതി അഭിപ്രായപ്പെട്ടു.

(ബൈറ്റ് - മുർമു)

..........................................................................................

**HEADLINE-5**

## JAISHANKAR ITALY VISIT

വിദേശകാര്യ മന്ത്രി ഡോ. എസ് ജയശങ്കർ മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ന് ഇറ്റലിയിൽ എത്തും. G7 വിദേശകാര്യ മന്ത്രിമാരുടെ സമ്മേളനത്തിൻറെ ഔട്ട്റീച്ച് സെഷനിൽ പങ്കെടുക്കാനായാണ് അദ്ദേഹം ഇറ്റലിയിലെ ഫിഗ്ഗിയിൽ എത്തുന്നത്. സന്ദർശന വേളയിൽ വിവിധ ജി7 രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായി അദ്ദേഹം

ഉഭയകക്ഷി ചർച്ചകൾ നടത്തും. ഒപ്പം റോമിൽ നടക്കുന്ന M.E.D. മെഡിറ്ററേനിയൻ ഡയലോഗിന്റെ പത്താം പതിപ്പിലും വിദേശകാര്യ മന്ത്രി പങ്കെടുക്കും.

..............................................................................................

**HEADLINE-5A**

## JAISHANKAR CONCLAVE

നിർണായക വിഷയങ്ങളിൽ ആഗോള സമൂഹം ഇന്ത്യയെ ഉറ്റുനോക്കുന്ന രീതിയിൽ വലിയ മാറ്റങ്ങൾ ഉണ്ടായതായി വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ. എട്ടാമത് ഇന്ത്യ ഐഡിയാസ് കോൺക്ലേവിനെ ഓൺലൈൻ ആയി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാഷ്ട്രം കൂടുതൽ വ്യവസായ സൗഹൃദമായി. ആഗോള തലത്തിൽ നിരവധി നേട്ടങ്ങളാണ് കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ രാജ്യത്ത് ഉണ്ടായതെന്നും ശ്രീ ജയ്ശങ്കർ അഭിപ്രായപ്പെട്ടു.

..............................................................................................

## BHUTAN PM-INDIA VISIT

ഭൂട്ടാൻ പ്രധാനമന്ത്രി ഷെറിംഗ് ടോബ്ഗേ മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഡൽഹിയിലെത്തും. നാളെ ഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ പങ്കെടുക്കുന്ന അദ്ദേഹം ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം സ്വദേശത്തേക്കു യാത്ര തിരിക്കും.

..............................................................................................

**HEADLINE-6**

## INDIA-AUS CRICKET

പെർത്തിൽ നടക്കുന്ന ബോർഡർ-ഗാവസ്കർ ട്രോഫി ക്രിക്കറ്റ് ടെസ്റ്റിൻറെ മൂന്നാം ദിനമായ

ഇന്ന് ഇന്ത്യ അൽപ്പസമയത്തിനകം ഇന്നിംഗ്സ് പുനഃരാരംഭിക്കും. രണ്ടാം ദിനം കളി അവസാനിപ്പിച്ചപ്പോൾ ഓസ്ട്രേലിയക്കെതിരെ വിക്കറ്റൊന്നും നഷ്ടപ്പെടാതെ 172 റൺസെന്ന നിലയിലാണ് ഇന്ത്യ. 218 റൺസിന്റെ ലീഡാണ് ഇന്ത്യ സ്വന്തമാക്കിയിട്ടുള്ളത്. ആദ്യ ഇന്നിങ്സിൽ ഓസ്ട്രേലിയ 104 റൺസിന് പുറത്തായിരുന്നു.

..................................................................................................

**HEADLINE-6A**

## SANTHOSH TROPHY

സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനൽ റൗണ്ട് ഉറപ്പിക്കാൻ കേരളം യാഗ്യതാ റൗണ്ടിലെ അവസാനമത്സരത്തിൽ ഇന്ന് പുതുച്ചേരിയെ നേരിടും. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് 3.30നാണ് മത്സരം. ഗ്രൂപ്പ് എച്ചിൽ രണ്ടു കളിയും ജയിച്ച് ആറ് പോയിൻറുമായി ഒന്നാമതാണ് കേരളം. പുതുച്ചേരിക്കെതിരെ സമനില ലഭിച്ചാൽ കേരളത്തിന് മുന്നേറാം.

..................................................................................................

## IPL 2025 AUCTION

അടുത്തവർഷത്തെ IPL മത്സരങ്ങൾക്കുള്ള ലേലം ഇന്നും നാളെയുമായി നടക്കും. ഇക്കുറി സൗദിയിലെ ജെദ്ദ യിലാണ് ലേല നടപടികൾ നടക്കുക. ഈ വട്ടത്തെ ലേലത്തിനായി 409 വിദേശ താരങ്ങൾ ഉൾപ്പെടെ മൊത്തം 1,574 കളിക്കാരാണ് ഒപ്പുവച്ചിട്ടുള്ളത്. 10 ടീമുകൾക്കും കൂടി പരമാവധി 641.5 കോടി രൂപയാണ് ലേലത്തിനായി ചിലവിടാനാവുക.

..................................................................................................

## ISL

ISL ഫുട്ബോളിൽ ഇന്ന് കേരളാ ബ്ലാസ്റ്റേഴ്സ് ചെന്നൈയിൻ എഫ്സിയെ നേരിടും. രാത്രി 07.30നാണ് മത്സരം. സീസണിൽ 8 മത്സരങ്ങളിൽ 4 തോൽവിയും രണ്ട് വീതം ജയവും സമനിലയുമാണ് ബ്ലാസ്റ്റേഴ്സിന്റെ സമ്പാദ്യം. എതിരാളിയായ ചെന്നൈയിൻ നാലാം സ്ഥാനത്താണ്.

*

**************

******************************